# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1835 07/12/2015 ൽ മറുപടിക്ക്

**മലപ്പുറം ജില്ലയിലെ എൽ.ഡി.ക്ലാർക്ക്, ലാസ്റ്റ് ഗ്രേഡ് റാങ്ക് ലിസ്റ്റ്**

**ചോദ്യം :**

**ശ്രീ. പി. ഉബൈദുള്ള**

(എ) മലപ്പുറം ജില്ലയിൽ ഇപ്പോൾ നിലവിലുള്ള വിവിധ വകുപ്പുകളിലേക്കുള്ള എൽ.ഡി.ക്ലാർക്ക്, ലാസ്റ്റ് ഗ്രേഡ് റാങ്ക് ലിസ്റ്റുകളിൽ നിന്നും നാളിതുവരെ നടത്തിയ നിയമന നടപടികൾ വിശദീകരിക്കാമോ ;

(ബി) ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനും നിയമന ശുപാർശകൾ നൽകുന്നതിനും ജില്ലയിലെ വകുപ്പ് മേധാവികൾക്ക് വീഴ്ച സംഭവിച്ചിട്ടുണ്ടോ ; എങ്കിൽ അടിയന്തരമായി നിയമന നടപടികൾ ത്വരിതപ്പെടുത്തുമോ ;

(സി) എൽ.ഡി.സി ലാസ്റ്റ് ഗ്രേഡ് തസ്തികയിലേക്ക് എത്ര പുതിയ ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട് ; നിയമന ശുപാർശ നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്തുമോ ?

**ഉത്തരം :**

**ശ്രീ. ഉമ്മൻചാണ്ടി**
**മുഖ്യമന്ത്രി**

(എ) മലപ്പുറം ജില്ലയിൽ 31.03.2015 ന് നിലവിൽ വന്ന എൽ.ഡി.സി റാങ്ക് പട്ടികയിൽ നിന്നും 90 പേർക്കും, 30.06.2015 ന് നിലവിൽ വന്ന എൽ.ജി.എസ്. റാങ്ക് പട്ടികയിൽ നിന്നും 67 പേർക്കും നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(ബി) ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിന് വകുപ്പുമേധാവികൾക്കും നിയമന ശിപാർശ നൽകുന്നതിന് പി.എസ്.സി.ക്കും വീഴ്ച സംഭവിച്ചതായി സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടില്ല ; നിയമന നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്യേണ്ടതായ ഹെഡ് ക്വാർട്ടർ ഒഴിവുകൾ ഉൾപ്പെടെയുള്ള എല്ലാ ഒഴിവുകളും അടിയന്തിരമായി പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്യുവാൻ എല്ലാ വകുപ്പുമേധാവികൾക്കും നിയമനാധികാരികൾക്കും സർക്കാർ കർശന നർദ്ദേശം നൽകിയിട്ടുണ്ട്.

(സി) എൽ.ഡി.സി. ൽ 14 ഉം, എൽ.ജി.എസ്. - ൽ 3 -ഉം ഒഴിവുകൾ പുതിയതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിലേക്കുള്ള നിയമന ശിപാർശ നടപടികൾ പുരോഗമിക്കുന്നു.

**സെക്ഷൻ ഓഫീസർ**